ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 04.05.2025** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. സമുദ്ര സുരക്ഷ കൂടുതൽ ശക്തമാക്കാനൊരുങ്ങി ഇന്ത്യ; മികച്ച നിരീക്ഷണ ശേഷി ഉറപ്പാക്കുന്ന ഹോക്ക് ഐ 360 സാങ്കേതികവിദ്യ അമേരിക്കയിൽ നിന്നും വാങ്ങാൻ ധാരണ.

   **US approves sale of HawkEye 360 technology to India to boost the country's surveillance capabilities**

2. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ മുംബൈയിൽ സംഘടിപ്പിച്ച ലോക ശ്രവ്യ-ദൃശ്യ -വിനോദ ഉച്ചകോടി - **WAVES** 2025 ന് ഇന്ന് സമാപനം.

   **First World Audio Visual and Entertainment Summit (WAVES) 2025 organised by Ministry of information and Broadcasting to conclude in Mumbai today**

3. ടൂറിസം രംഗത്ത് കേരളം മുന്നേറുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ; ടൂറിസം കേന്ദ്രങ്ങളെ ലോകശ്രദ്ധയിലേക്കെത്തിക്കുമെന്നും മുഖ്യമന്ത്രി.

   **Kerala is making progress in the field of tourism says Chief Minister Pinarayi Vijayan**

4. അഖിലേന്ത്യാ മെഡിക്കൽ പ്രവേശനത്തിനായുള്ള **NEET-UG** പ്രവേശന പരീക്ഷ ഇന്ന് ഉച്ചയ്ക്ക്; 5,000 ത്തിലധികം കേന്ദ്രങ്ങളിലായി 23 ലക്ഷത്തോളം വിദ്യാർത്ഥികൾ പരീക്ഷ എഴുതും.

**National Testing Agency to conduct NEET UG 2025 examination in India and abroad today; about 23 lakh students will write the exam at more than 5,000 centers.**

5. **ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് ഇന്ന് ബീഹാറിൽ തുടക്കമാകും; ഐ പി എൽ ക്രിക്കറ്റിൽ രണ്ടു മത്സരങ്ങൾ.**

**Khelo India Youth Games will begin in Bihar today; Two matches in IPL cricket.**

&&&&&&&&&&&&&&&&&&

## PREZ-ANGOLA

ആഫ്രിക്കൻ രാജ്യങ്ങളുമായി സുസ്ഥിരമായ പങ്കാളിത്തത്തിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. അംഗോള പ്രസിഡന്റ് ജോവോ ലോറൻസോയ്ക്ക് ഇന്നലെ രാഷ്ട്രപതിഭവനിൽ സംഘടിപ്പിച്ച വിരുന്നിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. അംഗോള ഉൾപ്പെടെയുള്ള ആഫ്രിക്കൻ രാജ്യങ്ങളുമായി ഇന്ത്യ പ്രത്യേക സൗഹൃദം പങ്കിടുന്നുണ്ടെന്ന് ശ്രീമതി മുർമു പറഞ്ഞു. ആഫ്രിക്കയിൽ സമാധാനം, സുരക്ഷ, സ്ഥിരത എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ അംഗോള വഹിച്ച പങ്കിനെ രാഷ്ട്രപതി അഭിനന്ദിച്ചു.

*************************

## MP-VICE PRESIDENT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് മധ്യപ്രദേശിലെ ഗ്വാളിയോർ സന്ദർശിക്കും. വൈകുന്നേരം രാജ് മാതാ വിജയരാജെ സിന്ധ്യ കൃഷി വിശ്വവിദ്യാലയത്തിൽ, അധ്യാപകരുമായും വിദ്യാർത്ഥികളുമായും അദ്ദേഹം സംവദിക്കും. നഗരത്തിൽ സംഘടിപ്പിക്കുന്ന പ്രാദേശിക പരിപാടികളിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

*************************

## PM- SINGAPORE WONG

സിംഗപ്പൂർ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട ലോറൻസ് വോങ്ങിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യയും

സിംഗപ്പൂരും തമ്മിൽ ശക്തവും ബഹുമുഖവുമായ പങ്കാളിത്തമുണ്ടെന്നും ഇരു രാജ്യങ്ങളുടെയും തന്ത്രപരമായ പങ്കാളിത്തം വർധിപ്പിക്കുന്നതിനായി വോങ്ങുമായി ചേർന്ന് പ്രവർത്തിക്കുമെന്നും ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

*************************

**HEADLINE – 1**

## HawkEye 360 INDIA-US

മികച്ച നിരീക്ഷണ ശേഷി ഉറപ്പാക്കുന്ന ഹോക്ക് ഐ 360 സാങ്കേതികവിദ്യ ഇന്ത്യയ്ക്ക് കൈമാറുന്നതിനുള്ള വില്പന ഉടമ്പടിക്ക് അംഗീകാരം നൽകി യുഎസ്. ഇന്തോ-പസഫിക് മേഖലയിലെ ഇന്ത്യയുടെ സമുദ്ര മേഖല അവബോധം വർദ്ധിപ്പിക്കുന്നതിന് ഈ നീക്കം സഹായിക്കും. ഇതിലൂടെ ഇന്ത്യൻ സേനയ്ക്ക് ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ അനധികൃത മത്സ്യബന്ധനം, കള്ളക്കടത്ത് എന്നിവ തിരിച്ചറിയാനും ഫലപ്രദമായ നിരീക്ഷണം നടത്താനും കഴിയും. മേഖലയിലെ ഭീഷണികളെ നേരിടാൻ ഈ നൂതന സാങ്കേതിക വിദ്യ ഇന്ത്യക്ക് സഹായകമാകുമെന്ന് യുഎസ് പ്രതിരോധ സുരക്ഷാ സഹകരണ ഏജൻസി അഭിപ്രായപ്പെട്ടു.

*************************

## JAISHANKAR

ആർട്ടിക് മേഖലയ്ക്ക് ആഗോള പ്രാധാന്യമുണ്ടെന്നും ഇന്ത്യയ്ക്ക് ആർട്ടിക് മേഖലയുമായി വർദ്ധിച്ചുവരുന്ന പങ്കാളിത്തമുണ്ടെന്നും വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ന്യൂഡൽഹിയിൽ നടന്ന ആർട്ടിക് സർക്കിൾ ഇന്ത്യ ഫോറം 2025 ൽ സംസാരിക്കവെ, ആർട്ടിക് മേഖലയിൽ സംഭവിക്കുന്നത് ഇന്ത്യയ്ക്കും ലോകത്തിനും വളരെ പ്രധാനപ്പെട്ടതാണെന്നും ശ്രീ ജയ്ശങ്കർ ചൂണ്ടിക്കാട്ടി. കുറച്ച് വർഷങ്ങൾക്ക് മുമ്പ്തന്നെ കേന്ദ്ര സർക്കാർ ഒരു ആർട്ടിക് നയം കൊണ്ടുവന്നുവെന്നും, അദ്ദേഹം കൂട്ടിച്ചേർത്തു.

*************************

**HEADLINE – 2**

## WAVES (INTRO)

ഇന്ത്യയുടെ സൃഷ്ടിപരമായ ശക്തി ഉയർത്തിക്കാട്ടി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ മുംബൈയിൽ സംഘടിപ്പിച്ച ലോക ശ്രവ്യ-ദൃശ്യ -വിനോദ ഉച്ചകോടി - WAVES 2025 ന് ഇന്ന് സമാപനമാകും. **വിശദാംശങ്ങളിലേക്ക്.....**

(വോയിസ്)

*100-ലധികം രാജ്യങ്ങളിൽ നിന്നുള്ള കലാകാരന്മാർ, നിക്ഷേപകർ, ഉള്ളടക്ക സ്രഷ്ടാക്കൾ തുടങ്ങിയവരുടെ സംഗമത്തിനാണ് WAVES ഉച്ചകോടി വേദി സാക്ഷിയായത്. മാധ്യമങ്ങൾ, വിനോദം, ഡിജിറ്റൽ നവീകരണം തുടങ്ങിയവയുടെ ആഗോള കേന്ദ്രമായി ഇന്ത്യയെ മാറ്റാൻ ലക്ഷ്യമിട്ടാണ് നാലു ദിനം നീണ്ട ഉച്ചകോടി സംഘടിപ്പിച്ചത്. സമ്മേളനത്തിന്റെ അവസാന ദിനമായ ഇന്ന്, ചലച്ചിത്ര നിർമാണം, സാംസ്കാരിക മേഖല എന്നിവയെ കുറിച്ചുള്ള സെഷനുകൾ പുരോഗമിക്കുകയാണ്. സർഗ്ഗാത്മക വ്യവസായ മേഖലയിലെ ആഗോള സഹകരണത്തിനുള്ള പ്രധാന വേദിയായി മാറിയിരിക്കുകയാണ് WAVES ബസാർ. അതിർത്തികൾക്കപ്പുറത്തേക്കുള്ള വ്യവസായ പരിവർത്തനത്തിന്റെ ഒരു പുതിയ യുഗത്തിന് വേദിയൊരുക്കുക കൂടിയാണ് WAVES ബസാർ. ഉദ്ഘാടന പതിപ്പിൽ ഇതുവരെ, സിനിമ, സംഗീതം, റേഡിയോ, VFX, ആനിമേഷൻ മേഖലകളിലായി 800 കോടിയിലധികം രൂപയുടെ വ്യവസായ ഇടപാടുകളാണ് നടന്നത്. Live Events Economy: A Strategic Growth Imperative എന്ന പേരിലുള്ള ഇന്ത്യയുടെ ധവള പത്രം ഇന്നലെ പുറത്തിറക്കിയിരുന്നു. 90-ലധികം രാജ്യങ്ങളിൽ നിന്നുള്ള പതിനായിരത്തിലധികം പ്രതിനിധികളാണ് ഉച്ചകോടിയുടെ ഭാഗമായത്.*

***ന്യൂസ്‌ഡെസ്ക് ആകാശവാണി....***

*************************

**HEADLINE – 4**

# NEET EXAM

അഖിലേന്ത്യാ മെഡിക്കൽ പ്രവേശനത്തിനായുള്ള ഈ വർഷത്തെ NEET-UG പ്രവേശന പരീക്ഷ ഇന്ന്. ഇന്ത്യയിലെ 5,000 ത്തിലധികം കേന്ദ്രങ്ങളിലും വിദേശത്തെ 13 നഗരങ്ങളിലും പരീക്ഷ നടക്കും. 22.7 ലക്ഷത്തോളം വിദ്യാർത്ഥികൾ പരീക്ഷ എഴുതും. ഉച്ചയ്ക്ക് രണ്ട് മണി മുതൽ അഞ്ച് മണിവരെയാണ് പരീക്ഷ. പരീക്ഷയ്ക്കായുള്ള എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയായതായി ദേശീയ ടെസ്റ്റിങ് ഏജൻസി അറിയിച്ചു.

*************************

## LOC-FIRING

ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയിൽ പാകിസ്ഥാൻ സൈന്യം ഇന്നലെ രാത്രി നടത്തിയ വെടിവയ്പ്പിന് തിരിച്ചടി നൽകി ഇന്ത്യൻ സൈന്യം. യാതൊരു പ്രകോപനവുമില്ലാതെ പാകിസ്ഥാൻ സൈന്യം വെടിയുതിർക്കുകയായിരുന്നു. ജമ്മു കശ്മീരിലെ കുപ് വാര, ബാരാമുള്ള, പൂഞ്ച് തുടങ്ങിയ പ്രദേശങ്ങളിലാണ് സംഭവം.

*************************

## PUNJAB-ARRESTED

പഞ്ചാബിൽ, പാകിസ്ഥാനു വേണ്ടി ചാരപ്പണി നടത്തിയതിന് രണ്ട് പേരെ അമൃത്സർ പോലീസ് അറസ്റ്റ് ചെയ്തു. അറസ്റ്റിലായ പലക് ഷേർ മാസിഹ്, സൂരജ് മാസിഹ് എന്നിവർ അമൃത്സർ ആസ്ഥാനമായുള്ള ആർമി കന്റോൺമെന്റ് പ്രദേശങ്ങളുടെയും വ്യോമതാവളങ്ങളുടെയും തന്ത്രപ്രധാനമായ വിവരങ്ങളും ഫോട്ടോകളും ചോർത്തിയതിൽ പങ്കാളികളാണെന്ന് ഉന്നത പോലീസ് വൃത്തങ്ങൾ അറിയിച്ചു. അന്വേഷണം പുരോഗമിക്കുകയാണ്.

*************************

**HEADLINE – 3**

## KANNUR BEACH TOURISM-CM

കേരളം, ടൂറിസം രംഗത്ത് വൻ കുതിപ്പാണ് നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഏഷ്യയിലെ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ചായ മുഴപ്പിലങ്ങാട് ബീച്ചിൽ നടപ്പാക്കുന്ന ടൂറിസം വികസന പദ്ധതിയുടെ ഒന്നാം ഘട്ടം ഉദ്ഘാടനം

ചെയ്യുകയായിരുന്നു അദ്ദേഹം. സഞ്ചാരികളുടെ പ്രതീക്ഷകൾക്കൊത്ത് ഉയരാനുള്ള ഉത്തരവാദിത്തം നമുക്കുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. ടൂറിസം കേന്ദ്രങ്ങളെ ലോകശ്രദ്ധയിലേക്കെത്തികാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

*************************

**KOZHIKODE MEDICAL COLLEGE**

കോഴിക്കോട് മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗത്തിൽ പുക ഉയർന്ന സംഭവത്തെ തുടർന്ന് ബദൽ സംവിധാനം സജ്ജമാക്കി. ഇന്ന് മുതൽ പഴയ അത്യാഹിത വിഭാഗത്തിൽ ചികിത്സ ഉറപ്പാക്കും. ബീച്ച് ആശുപത്രി കാഷ്വാലിറ്റിയിലും സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. രോഗീപരിചരണവുമായി ബന്ധപ്പെട്ട് ഉയർന്ന പരാതിയിൽ വിദഗ്ധസംഘം സമഗ്ര അന്വേഷണം നടത്തുകയാണ്.

*************************

**THRISSUR POORAM (INTRO)**

തൃശ്ശൂർ പൂരത്തിന് മുന്നോടിയായിട്ടുള്ള സാംപിൾ വെടിക്കെട്ട് ഇന്ന് രാത്രി 7 മണിക്ക് നടക്കും. തിരുവമ്പാടി–പാറമേക്കാവ് ദേവസ്വങ്ങളുടെ തൃശൂർ പൂരം ചമയ പ്രദർശനത്തിനും ഇന്ന് തുടക്കമാകും.

**വിശദാംശങ്ങളുമായി ആകാശവാണി തൃ ശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്..........**

(ഹോൾഡ്-വോയ്സ്)

*************************

**HEADLINE – 5**

**BIHAR-KHELO INDIA GAMES**

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2025 ന് ഇന്ന് ബീഹാറിൽ തുടക്കമാകും. പട്ന, രാജ്ഗിർ, ഗയ, ഭഗൽപൂർ, ബെഗുസാരായി എന്നീ അഞ്ച് നഗരങ്ങളിലായി ഈ മാസം 15 വരെയാണ് ഗെയിംസ് നടക്കുക. തിരഞ്ഞെടുത്ത മത്സരങ്ങൾ

ന്യൂഡൽഹിയിൽ നടക്കും. 28 കായിക ഇനങ്ങളിലായി 5,000 അത്‌ലറ്റുകൾ മത്സരിക്കും. ഇന്ന് അമ്പെയ്ത്ത്, കബഡി, വോളിബോൾ മത്സരങ്ങൾ നടക്കും. പട്നയിലെ പാട്‌ലിപുത്ര സ്‌പോർട്‌സ് കോംപ്ലക്‌സിലാണ് ഉദ്‌ഘാടന ചടങ്ങ്.

*************************

HEADLINE – 5a

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് 3.30 ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്‌സ്, രാജസ്ഥാൻ റോയൽസിനേയും രാത്രി 7.30ന് പഞ്ചാബ് കിങ്സ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെയും നേരിടും.

*************************

## MANDAVIYA- SUNDAY CYCLE

ന്യൂഡൽഹിയിലെ മേജർ ധ്യാൻ ചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ നടന്ന 'സൈക്ലിംഗ് വിത്ത് ടീച്ചേഴ്‌സ്' എന്ന ഫിറ്റ് ഇന്ത്യ സൺഡേസ് ഓൺ സൈക്കിൾ സംരംഭത്തിന്റെ പ്രത്യേക പതിപ്പിൽ കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ പങ്കെടുത്തു. പൊണ്ണത്തടിയ്ക്കെതിരായ പോരാട്ടത്തിൽ അധ്യാപകർ, പരിശീലകർ എന്നിവരുടെ പങ്ക് എടുത്തുകാണിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

*************************

## DRDO- AIRSHIP TRAIL

സ്ട്രാറ്റോസ്ഫെറിക് എയർഷിപ്പ് പ്ലാറ്റ്ഫോമിന്റെ പരീക്ഷണ പറക്കൽ വിജയകരമായി നടത്തി ഡിആർഡിഒ. മധ്യപ്രദേശിലെ ഷിയോപൂർ ട്രയൽ സൈറ്റിൽ നിന്നായിരുന്നു വിക്ഷേപണം. ഏകദേശം 17 കിലോമീറ്റർ ഉയരത്തിലേക്കാണ് പേലോഡ് വഹിച്ചുകൊണ്ട് എയർ ഷിപ് പറന്നുയർന്നത്. ആഗ്രയിലുള്ള ഏരിയൽ ഡെലിവറി റിസർച്ച് ആൻഡ് ഡെവലപ്മെന്റ് എസ്റ്റാബ്ലിഷ്മെന്റാണ് ഇത് വികസിപ്പിസിച്ചെടുത്തത്. പരീക്ഷണം വിജയിച്ചതിൽ കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് ഡിആർഡിഒയെ അഭിനന്ദിച്ചു.

*************************

## BADRINATH DHAM

ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിലെ ബദരീനാഥ് ധാമിന്റെ കവാടങ്ങൾ തുറന്നു. ഇതോടെ, ഉത്തരാഖണ്ഡിലെ ആരാധനാലയങ്ങളായ കേദാർനാഥ്, ഗംഗോത്രി, യമുനോത്രി, ബദരീനാഥ് എന്നിവ തീർത്ഥാടകർക്കായി തുറന്നു.

*

*************

************************************